# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1419** 15.06.2012-ൽ മറുപടിയ്ക്ക്

## കർഷക പെൻഷൻ ഇനത്തിൽ ചെലവഴിച്ച തുക

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ : | | മറുപടി<br>ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് എത്ര കർഷകരാണ് കർഷക പെൻഷന് അർഹരായി നിലവിലുള്ളത്; പെൻഷൻ അപേക്ഷകൾ എല്ലാം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; | (എ) | കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13713 നെൽ കർഷകർക്ക് ആഗസ്റ്റ് 2009 മുതൽ പ്രതിമാസം 300/- രൂപ നിരക്കിൽ സെപ്റ്റംബർ 2011 വരെ പെൻഷൻ നൽകിയിട്ടുണ്ട്. പുതുതായി പ്രഖ്യാപിച്ച ചെറുകിട നാമമാത്ര കർഷക പെൻഷനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ സ്വീകരിച്ചു വരുന്നു. ഇതിന്റെ അവസാന തീയതി ജൂൺ 15 ആണ് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ 30.5.2012 വരെ 149504 (ഒരു ലക്ഷത്തി നാൽപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി നാല് ) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൻമേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (ബി) കർഷക പെൻഷൻ ഇനത്തിൽ എത്ര തുകയാണ് ഒരു വർഷം ചെലവഴിക്കുന്നത് ? | (ബി) കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13713 നെൽ കർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ ഒരു വർഷം 4.94 കോടി രൂപ ചെലവഴിക്കുന്നു. 13.2.2012 ലെ സ.ഉ. (എം.എസ്) 26/12/കൃഷി പ്രകാരം പ്രതിമാസപെൻഷൻ 400/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2012 ജൂൺ 15 വരെയാണ്. അപേക്ഷകരുടെ കൃത്യമായ കണക്ക്, ആവശ്യമായ തുക എന്നിവ ജൂൺ 15 ന് ശേഷമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.